# പതിമൂന്നാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 1016 — 07/02/2013 ൽ മറുപടിയ്ക്ക്

## പട്ടികജാതി വിദ്യാർത്ഥികൾക്കായുള്ള ഐ.ടി.ഐ കൾ

| ചോദ്യം<br>പ്രൊഫ. സി. രവീന്ദ്രനാഥ് | | ഉത്തരം<br>ശ്രീ. എ.പി. അനിൽ കുമാർ<br>(പട്ടികജാതി പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | പട്ടികജാതി വിഭാഗങ്ങൾക്കായി മാത്രം നിലവിൽ എത്ര ഐ.റ്റി.ഐ. കൾ പ്രവർത്തിക്കുന്നുണ്ട്; | (എ) | പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ നിലവിൽ 44 ഐ..ടി.ഐ. കൾ പ്രവർത്തിക്കുന്നുണ്ട്. |
| (ബി) | പ്രസ്തുത സ്ഥാപനങ്ങളിൽ പഠിക്കുവാൻ മതിയായ കുട്ടികൾ ഉണ്ടോ; | (ബി) | ഭൂരിപക്ഷ സ്ഥാപനങ്ങളിലും മതിയായ വിദ്യാർത്ഥികൾ പരിശീലനം നേടുന്നുണ്ട്. |
| (സി) | ഇല്ലെങ്കിൽ പ്രസ്തുത സ്ഥാപനങ്ങളിലേക്ക് കുട്ടികളെ ആകർഷിക്കാൻ പ്രത്യേക ശ്രദ്ധ നൽകി തൊഴിലധിഷ്ഠിത കോഴ്സുകൾ ആരംഭിക്കുമോ; | (സി) | ഏതാനും ചില ഐ.ടി.ഐ. കളിൽ വിദ്യാർത്ഥികൾക്ക് പ്രവേശനം നേടുന്നതിന് താല്പര്യം കുറഞ്ഞ ട്രേഡുകളിൽ അനുവദിച്ച സീറ്റുകളിൽ പ്രവേശനം നേടുന്നതിന് ട്രെയിനികളെ ലഭിക്കാത്ത സാഹചര്യം ഉണ്ട്. വിദ്യാർത്ഥികൾ പ്രവേശനം നേടാൻ താല്പര്യക്കുറവ് കാണിക്കുന്ന സാഹചര്യത്തിൽ പ്രസ്തുത ഐ.ടി.ഐ. കളിലെ ട്രേഡുകൾ മാറ്റി അടിസ്ഥാന തൊഴിൽ മേഖലയിലും വിവിധ എഞ്ചിനീയറിംഗ് തൊഴിൽ മേഖലയിലും പ്രാവീണ്യം നേടാൻ കഴിയുന്നതും എൻ.സി.വി.ടി. യുടെ അംഗീകാരത്തോടു കൂടിയതുമായ കോഴ്സുകൾ ആരംഭിക്കുന്നതിന് റീവാമ്പിംഗ് ഓഫ് ഐ..ടി.ഐ. പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. |

| | | | |
|---|---|---|---|
| (ഡി) | വിജയകരമായി പഠനം പൂർത്തിയാക്കുന്ന കുട്ടികൾക്ക് മതിയായ തൊഴിലവസരങ്ങൾ ഉറപ്പു വരുത്താൻ തയ്യാറാകുമോ? | (ഡി) | ഐ.ടി.ഐ.കളിൽ നിന്നും വിവിധ കോഴ്സുകളിൽ വിജയകരമായി പഠനം പൂർത്തിയാക്കുന്ന പട്ടികജാതിക്കാരായ വിദ്യാർത്ഥികൾക്ക് തങ്ങളുടെ ട്രേഡിൽ കൂടുതൽ പ്രാവീണ്യം നേടുന്നതിനും അതുവഴി മികച്ച തൊഴിൽ നേടുന്നതിനും ട്രെയിനിംഗ്-കം-എംപ്ലോയ്മെന്റ് പദ്ധതിയിൽ ഉൾപ്പെടുത്തി സ്റ്റൈപ്പന്റോടുകൂടി ഒരു വർഷത്തെ അപ്രന്റീസ് ട്രെയിനിംഗ് നൽകി വരുന്നുണ്ട്. എല്ലാ ഐ.ടി.ഐ.കളിലും ഐ.ടി.ഐ. ട്രെയിനിംഗ് സൂപ്രണ്ടിന്റെ നേതൃത്വത്തിൽ വിദ്യാർത്ഥികൾക്ക് പ്ലേയ്സ്മെന്റ് ലഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ സ്വീകരിക്കുന്നുണ്ട്. കൂടാതെ സ്വയം തൊഴിൽ ചെയ്യുന്നതിന് ടൂൾ കിറ്റും നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ